**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1138** **11-02-2025 - ൽ മറുപടിയ്ക്ക്**

**മൽസ്യമേഖലയിലെ നൂതന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഷിപ്പിംഗ് കണ്ടെയ്നറുകളിലെ ഫിഷ് പ്രോസസിംഗ് & മാർക്കറ്റിംഗ് കിയോസ്ക് പദ്ധതി വിശദീകരിക്കാമോ; | (എ) | കേന്ദ്ര ഗവൺമെന്റിന്റെ പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന സ്കീമിൽ ഉൾപ്പെടുത്തി Integrated Modern Coastal Fishing Village എന്ന പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ചാലിയം മത്സ്യഗ്രാമത്തിൽ ഷിപ്പിംഗ് കണ്ടെയ്നറുകളിൽ ഫിഷ് പ്രോസസിംഗ്&മാർക്കറ്റിംഗ് കിയോസ്കുകൾ സ്ഥാപിക്കുവാൻ വിഭാവനം ചെയ്തിരുന്നു. പദ്ധതി പ്രദേശം വനം വകുപ്പിന്റെ അധീനതയിൽ ആയിരുന്നതിനാൽ പെർമനെന്റ് സ്ട്രക്ച്ചറുകൾ അനുവദനീയമായിരുന്നില്ല. അതിനാലാണ് ഷിപ്പിംഗ് കണ്ടെയ്നർ ഉപയോഗിച്ച് ഫിഷ് പ്രോസസിംഗ് & മാർക്കറ്റിംഗ് കിയോസ്ക് വിഭാവനം ചെയ്തത്. പദ്ധതിയിലുൾപ്പെടുത്തി 20 അടിയുള്ള ഒരു കണ്ടെയ്നറിനെ സിമന്റ് ബോർഡ് ഉപയോഗിച്ച് തിരിച്ച് ഒരു കമ്പാർട്ട്മെന്റ് മത്സ്യം മുറിക്കുന്നതിനും, വൃത്തിയാക്കുന്നതിനുമായും മറ്റേ കമ്പാർട്ട്മെന്റ് മത്സ്യം ഡിസ്പ്ലേ ചെയ്യുന്നതിനും വിൽക്കുന്നതിനുമാണ് വിഭാവനം ചെയ്തിരുന്നത്. ഒരു ഫ്രീസർ യൂണിറ്റ്, ഡിസ്പ്ലേ റാക്കുകൾ, സിങ്ക് എന്നിവയും പദ്ധതയിലുൾപ്പെടുത്തി സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | മത്സ്യവിൽപ്പന കിയോസ്ക്, ഓൺലൈൻ മത്സ്യവിപണനത്തിന് ഇ-സ്കൂട്ടർ എന്നീ സംരംഭങ്ങളെകുറിച്ച് വിശദീകരിക്കാമോ; | (ബി) | ശുദ്ധമായ മത്സ്യം മുറിച്ച്, വൃത്തിയാക്കി ഉപഭോക്താക്കൾക്ക് വിൽപ്പന നടത്തുന്നതിനാണ് മത്സ്യ വിൽപ്പന കിയോസ്കുകൾ വിഭാവനം ചെയ്തിരിക്കുന്നത്. RCC യിലോ /pre fab structure ലോ നിർമ്മിക്കുന്ന പ്രസ്തുത കിയോസ്കുകളിൽ കൗണ്ടർ സൗകര്യം, മത്സ്യം വൃത്തിയാക്കി പ്രദർശിപ്പിക്കുന്നതിനായി ഡിസ്പ്ലേ യൂണിറ്റ്, മത്സ്യം വെട്ടി വൃത്തിയാക്കുന്നതിന് കട്ടിംഗ് സൗകര്യത്തോടു കൂടിയ സിങ്ക് സൗകര്യം, വേസ്റ്റ് കളയുന്നതിനുള്ള സൗകര്യം എന്നിവ ഉണ്ടായിരിക്കും. അംഗീകരിച്ച മത്സ്യഗ്രാമത്തിലെ തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളികൾക്ക് തങ്ങളുടെ ഉപജീവന |

| | | | |
|---|---|---|---|
| | | | മാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായാണ് മത്സ്യ വിൽപ്പന കിയോസ്കുകൾ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>മത്സ്യത്തൊഴിലാളികൾക്ക് ഹാർബറുകളിൽ നിന്നും ഫിഷ്‌ലാന്റിംഗ് സെന്ററുകളിൽ നിന്നും ശുദ്ധമായ മത്സ്യം ശേഖരിച്ച് ഉൾപ്രദേശങ്ങളിൽ മത്സ്യ വിൽപ്പന നടത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് ഓട്ടോ, ഇരുചക്ര വാഹനം എന്നിവ അനുവദിച്ച് വരുന്നു. എന്നാൽ ഇ –സ്കൂട്ടർ നിലവിലെ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നില്ല. |
| (സി) | പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതികൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പാക്കി വരുന്നു. |
| (ഡി) | പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്ത് പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി 2020- 21 വർഷം മുതൽ നടപ്പാക്കി വരുന്നു.<br><br>2020–21 വർഷം 9 പദ്ധതികൾക്കായി 19436.53 ലക്ഷം രൂപയുടെ ഭാരണാനുമതി നൽകി. അതിൽ 6906.88 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതം. 2020–21 വർഷം ലഭിച്ച 800 ലക്ഷം രൂപ പൂർണ്ണമായും ചിലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചു.<br><br>2021–22 വർഷത്തിൽ 13 പദ്ധതികൾക്കായി 18190.62 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചു. അതിൽ 5987.19 ലക്ഷം രൂപയുടെ കേന്ദ്ര വിഹിതത്തിൽ നിന്ന് 7810.95 ലക്ഷം രൂപ ലഭിക്കുകയും അത് പൂർണ്ണമായി ചെലവഴിച്ച് 7810.95 ലക്ഷം രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും ചെയ്തു.<br><br>2022–23 വർഷത്തിൽ 40 പദ്ധതികൾക്കായി ആകെ 31758 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചു. അതിൽ 14462.274 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതം. ലഭിച്ച കേന്ദ്ര ഫണ്ടായ 15316.38 ലക്ഷം രൂപ മുഴുവനായി ചിലവഴിച്ച് ആയതിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചു.<br><br>2023–24 വർഷത്തിൽ 41 പദ്ധതികൾക്കായി 30621.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. അതിൽ 13327.98 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതം. കേന്ദ്ര വിഹിതത്തിൽ നിന്ന് ഇതുവരെ ലഭിച്ച തുക 7988.25 ലക്ഷമാണ്. ആയതിൽ 7949.02422 ലക്ഷം രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2024–25 വർഷത്തിൽ 12 പദ്ധതികൾക്കായി 25407.15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ആയതിൽ 13226.17 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതം. 2024 – 25 വർഷം ഇതുവരെയായി 2500 ലക്ഷം രൂപ ലഭിച്ചു. ആയത് ചിലവഴിക്കുന്നതിന് സത്വര നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ